ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

നമ്പർ :എഡി.ഡി./5330/എസ്.എസ്.യു.എസ്./2012 തീയതി : 22.04.2016

TENDER CUM AUCTION

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ പ്രവർത്തന ക്ഷമമല്ലാത്തതും വില്ക്കാൻ അനുമതി ലഭിച്ചിട്ടുള്ളതുമായ ഡിപ്പാർട്ട്മെന്റ് വാഹനം (KL 7 BC 6255 റ്റാറ്റാ ഇൻഡിഗോ) ഇപ്പോഴുള്ള സ്ഥിതിയിലും അവസ്ഥയിലും ദർഘാസ്/ലേലം അടിസ്ഥാനത്തിൽ വില്പന നടത്തുന്നതാണ്. പ്രസ്തുത വില്പനയ്ക്കായി മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. പൂരിപ്പിച്ച മുദ്രവച്ച ദർഘാസുകൾ മെയ് മാസം 10-ാം തീയതി 1 മണി വരെ രജിസ്ട്രാറുടെ ഓഫീസിൽ സ്വീകരിക്കുന്നതും അന്നേദിവസം 3 പി.എം.ന് ദർഘാസ് സമർപ്പിച്ച വരെ മാത്രം പങ്കെടുപ്പിച്ചു കൊണ്ട് രജിസ്ട്രാറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റു ഉദ്യോഗസ്ഥരോ പ്രസ്തുത വാഹനം ലേലം ചെയ്യുന്നതും ലേലത്തിനു ശേഷം ദർഘാസുകൾ തുറക്കുന്നതുമായിരിക്കും. ലേലത്തിലോ ദർഘാസിലോ കൂടുതൽ തുക വാഗ്ദാനം ചെയ്തവരുടെ പേരിൽ സർവ്വകലാശാല, രജിസ്ട്രാറുടെ അന്തിമ ഉത്തരവിന് വിധേയമായി വില്പന ഉറപ്പിക്കുന്നതുമായിരിക്കും. ദർഘാസ് / ലേലത്തിന്റെ വിശദവിവരങ്ങൾക്ക് സർവ്വകലാശാലയുടെ വെബ്സൈറ്റ് www.ssus.ac.in സന്ദർശിക്കുക.

വാഹനത്തിന്റെ ഇനവും രജിസ്റ്റർ നമ്പറും	വാഹനത്തിന്റെ മോഡലും ചേസ് നമ്പരും, എഞ്ചിൻ നമ്പരും
KL 7 BC 6255 റ്റാറ്റാ ഇൻഡിഗോ	2006 മോഡൽ ചേസ് നമ്പർ : 607165 ETZP 68307 എഞ്ചിൻ നമ്പർ : 4751 DT 14ET 2P 3026

നിരതദ്രവ്യം : 3000 രൂപ (ടി തുക അക്കത്തിലും അക്ഷരത്തിലും തിരുത്തൽ കൂടാതെ വ്യക്തമായി എഴുതണം ദർഘാസ് .നൽകുന്നവർക്ക് മാത്രമേ നിരതദ്രവ്യം കെട്ടി ലേലത്തിൽ പങ്കെടുക്കാൻ അവകാശമുള്ളൂ.)

വാഹനം കിടക്കുന്ന സ്ഥലം : സർവ്വകലാശാലയിലെ ഗാരേജിൽ (ദർഘാസ് / ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാലാ ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെട്ടാൽ അറിയിക്കുന്നതാണ്.)

നിബന്ധനകൾ

1) വില്പനയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വാഹനം സർവ്വകലാശാലാ രജിസ്ട്രാറുടെ അനുവാദത്തോടെ പരിശോധിച്ച് ബോദ്ധ്യം വരുത്തേണ്ടതാണ്. ലേലം ഉറപ്പിച്ചശേഷം വാഹനത്തിനെ സംബന്ധിക്കുന്ന യാതൊരു പരാതിയും സ്വീകരിക്കുന്നതല്ല.

2) ദർഘാസിനോടൊപ്പം ടെലിഫോൺ നമ്പരും ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡോ പാസ്പോർട്ടിന്റെ കോപ്പിയോ സഹിതം അപേക്ഷിക്കേണ്ടതാണ്. കവറിനു മുകളിൽ ടെന്റർ എന്നും പൂർണ്ണ മേൽവിലാസവും രേഖപ്പെടുത്തിയിരിക്കണം.

3) നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

4) ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത ദർഘാസുകൾ / ലേലം മേലധികാരികളുടെ അംഗീകാരത്തിനായി അയയ്ക്കുന്നതു മറ്റു ദർഘാസുകാർ നൽകിയ നിരതദ്രവ്യം അപ്പോൾ തന്നെ തിരികെ നൽകുന്നതുമാണ്.

5) ടെന്റർ 10.05.2016 ന് 1 പി.എം. വരെ അപേക്ഷകന് സമർപ്പിക്കാവുന്നതാണ്. അതേ ദിവസം ലേലം / ദർഘാസ് നടക്കാതെ വന്നാൽ 11.05.2016 നും അന്നും നടക്കാതെ വന്നാൽ 12.05.2016 നും നിശ്ചിത സ്ഥലത്തും സമയത്തും ദർഘാസ് / ലേലം നടത്തുന്നതാണ്.

6) ദർഘാസ് / ലേല സംഖ്യയുടെ 50% അപ്പോൾ തന്നെ നൽകേണ്ടതാണ്.

7) ദർഘാസുകൾ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

8) ദർഘാസ് / ലേലം അംഗീകരിച്ചതായി റിപ്പോർട്ട് കിട്ടി 15 ദിവസത്തിനകം ബാക്കി ലേല സംഖ്യയും നിയമപ്രകാരമുള്ള നികുതികളും അടച്ച് വാഹനം നീക്കം ചെയ്തില്ലെങ്കിൽ ദർഘാസുകാരൻ ആവശ്യപ്പെടുന്ന പക്ഷം 15 ദിവസം കൂടി ബാക്കി സംഖ്യയും 18% പലിശയും ദിവസത്തിൽ 20 രൂപ വാടകയും വസൂലാക്കി അനുവദിക്കുന്നതായിരിക്കും. അതിനു ശേഷം അവധി അനുവദിക്കുന്നതല്ല.

9) മേൽ പറഞ്ഞ സമയപരിധിയിൽ നീക്കം ചെയ്യാത്ത വാഹനം വീണ്ടും ലേലത്തിലോ, ടെന്റർ അടിസ്ഥാനത്തിലോ മുൻ ലേലക്കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ വില്ക്കുന്നതും മുൻ ലേല തുക സർവ്വകലാശാലയിലേയ്ക്ക് കണ്ടു കെട്ടുന്നതുമാണ്. ഈ ലേലം കൊണ്ട് സർവ്വകലാശാലയ്ക്ക് നഷ്ടം വരികയാണെങ്കിൽ മുൻ ലേലക്കാരനിൽ നിന്ന് നഷ്ടം വരുന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും ലാഭം കിട്ടുകയാണെങ്കിൽ മുൻ ലേലക്കാരന് ആയതിന് യാതൊരു അർഹതയും ഉണ്ടായിരിക്കുന്നതല്ലെന്നും ആയത് മുഴുവനും സർവ്വകലാശാലയിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

10) ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യുന്ന ദർഘാസ് / ലേലക്കാരൻ മേൽപ്പറഞ്ഞ വിധം ദർഘാസ് തുക ഒടുക്കുന്നതിന് തയ്യാറാകാതിരുന്നാൽ ടിയാൻ ഒടുക്കിയ നിരത ദ്രവ്യം സർക്കാരിലേക്ക് കണ്ടു കെട്ടി മുതൽ കൂട്ടുന്നതും ദർഘാസ് / ലേലത്തിൽ അടുത്ത കൂടുതൽ തുക വാഗ്ദാനം ചെയ്ത ദർഘാസ് / ലേലക്കാരന്റെ പേരിൽ താല്ക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും. ഇപ്രകാരം കണ്ടു കെട്ടുന്ന തുകയ്ക്ക് വീഴ്ച വരുത്തുന്ന ദർഘാസ് / ലേലക്കാരന് യാതൊരു വിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്
രജിസ്ട്രാർ